പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1577 — 14.12.2012 ൽ മറുപടിയ്ക്ക്

## കിസാൻ കാർഡുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കിസാൻ കാർഡുകളുടെ വിതരണത്തിന് തുടക്കമിട്ടിട്ടുണ്ടോ; | (എ) | തുടക്കമിട്ടിട്ടുണ്ട്. |
| (ബി) കിസാൻ കാർഡ് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ;<br><br>(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ കാർഡുകൾ വഴി കർഷകർക്ക് ലഭിക്കുന്നത്; | (ബി) & (സി) | ഒരു ബാങ്ക് വായ്പാ പദ്ധതിയാണ് ഇത്. കിസാൻ കാർഡു പദ്ധതി പ്രകാരം കർഷകർക്ക് കൃഷി ചെയ്യുന്ന വിള, കൃഷി സ്ഥലത്തിന്റെ വിസ്തൃതി, അനുബന്ധ പ്രവർത്തനങ്ങൾ, കാർഷികയന്ത്രങ്ങളുടെ പരിപാലനത്തിന് വേണ്ട പ്രവർത്തനമൂലധനം എന്നിവയ്ക്ക് വായ്പ ലഭ്യമാക്കുന്നു. സഹകരണ ബാങ്കിൽ നിന്നും എടുക്കുന്ന 3 ലക്ഷം രൂപവരെയുള്ള കിസാൻ ക്രഡിറ്റ് വായ്പകൾക്ക് പലിശ സബ്സിഡി ലഭിക്കുന്നു. എന്നാൽ സ്വകാര്യ ഷെഡ്യൂൾഡ് ബാങ്കുകളിൽ ഈ സഹായം ലഭിക്കുകയില്ല. പൊതു മേഖലാ ബാങ്കുകളിൽ കൂടി നൽകുന്ന വായ്പകൾ കേന്ദ്ര സർക്കാർ പലിശ സബ്സിഡി നൽകുന്നതുകൊണ്ട് 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി പലിശ 7 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) എന്തെല്ലാം വിവരങ്ങളാണ് കാർഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? | (ഡി) | ഈ പദ്ധതിയിൽ അംഗമാകുന്നവർക്ക് ക്രഡിറ്റ് കാർഡ്, പാസ്സ്ബുക്ക്/ക്രഡിറ്റ്കാർഡ് കം പാസ്സ് ബുക്ക് ലഭിക്കുന്നതാണ്. അതിൽ അംഗത്തിന്റെ പേര്, ഫോട്ടോ, വിലാസം, കൈവശഭൂമിയുടെ വിശദ വിവരം, വായ്പാ പരിധി, കാലപരിധി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ